# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 2398** **08.12.2015- ൽ മറുപടിക്ക്**

## പാലക്കാട് ജില്ലയിലെ കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഹംസ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) പാലക്കാട് ജില്ലയിൽ എത്ര കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കാമോ; | (എ) പാലക്കാട് ജില്ലയിൽ 14 കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. ടി സംഘങ്ങളുടെ പട്ടിക അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്നു. |
| (ബി) പ്രസ്തുത ജില്ലയിൽ പൂട്ടികിടക്കുന്ന കൈത്തറി നെയ്ത്ത് തൊഴിലാളി സഹകരണ സംഘങ്ങളുടെ കണക്ക് താലൂക്ക് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | (ബി) പാലക്കാട് ജില്ലയിൽ ആകെ 15 കൈത്തറി നെയ്ത്ത് തൊഴിലാളി സഹകരണ സംഘങ്ങൾ പൂട്ടിക്കിടക്കുന്നു. താലൂക്ക് തലത്തിൽ ചിറ്റൂർ-6, പാലക്കാട്-1, ഒറ്റപ്പാലം-3, മണ്ണാർക്കാട്-2, ആലത്തൂർ-3 എന്നിങ്ങനെയാണ്. |
| (സി) പൂട്ടിക്കിടക്കുന്ന നെയ്ത്തുതൊഴിലാളി സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാം; വ്യക്തമാക്കാമോ; | (സി) മിനിമം പത്ത് തറികളെങ്കിലും പ്രവർത്തിപ്പിക്കുന്ന സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനായി ഫ്ളാഗ് ഷിപ്പ് പദ്ധതി പ്രകാരം സ്കീം ഉണ്ട്. വർക്കിംഗ് ക്യാപിറ്റൽ ഗ്രാന്റ്, ഇ.എസ്.ഐ/ ഇ.പി.എഫ് കുടിശ്ശിക അടയ്ക്കുന്നതിനുള്ള സഹായം, ഉൽപന്ന വൈവിധ്യവത്ക്കരണം എന്നിവയാണ് പദ്ധതികൾ. |

(ഡി) പ്രവർത്തനരഹിതമായ കൈത്തറി നെയ്ത്തു സഹകരണസംഘങ്ങളിലെ കെട്ടിടം ഉൾപ്പെടെയുള്ള ആസ്തികൾ നശിച്ചുപോകുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ അത്തരം ആസ്തികൾ ഫലപ്രദമായി ഉപയോഗിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) ഉണ്ട്. പൂട്ടിക്കിടക്കുന്ന സംഘങ്ങൾ പുനരുജ്ജീവിപ്പിക്കാൻ കഴിയില്ലെങ്കിൽ അങ്ങനെയുള്ള സംഘങ്ങൾ ലിക്വിഡേറ്റ് ചെയ്യാൻ നടപടിയെടുത്തിട്ടുണ്ട്.

(ഇ) തകർന്നു കിടക്കുന്ന കൈത്തറി സഹകരണസംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനായി അതിലെ മെമ്പർമാരെ വിളിച്ചു ചേർത്ത് വിശദമായ ചർച്ചകൾ നടത്തുവാൻ തയ്യാറാകുമോ; എങ്കിൽ അതിനായി ഓരോ ഉദ്യോഗസ്ഥനെയും ചുമതലപ്പെടുത്തി ഉത്തരവു നൽകുമോ; വിശദാംശം ലഭ്യമാക്കാമോ;

(ഇ) ഈ വിഷയത്തിന്മേൽ ബന്ധപ്പെട്ട ജില്ലാ വ്യവസായകേന്ദ്രം ജനറൽമാനേജർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്) പാലക്കാട് ജില്ലയിലെ പുതുക്കോട് നെയ്ത്തു സഹകരണസംഘം തുറന്ന് പ്രവർത്തിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കാമോ;

(എഫ്) പുതുക്കോട് നെയ്ത്ത് സഹകരണസംഘം തുറന്ന് പ്രവർത്തിക്കുന്നതിനായി നെയ്ത്ത് ജോലി ചെയ്യുവാൻ തയ്യാറുള്ള ആളുകളുടെ ഒരു യോഗം വിളിച്ചു കൂട്ടുന്നതിന് സംഘം ഭരണസമിതിയോട് നിർദ്ദേശിച്ചിരുന്നു. എന്നാൽ നെയ്ത്ത് ജോലിയിൽ ഏർപ്പെടുവാൻ തയ്യാറുള്ള ആളുകളില്ലെന്ന് സംഘം അറിയിച്ചതിനെത്തുടർന്ന് മീറ്റിംഗ് നടത്തുവാൻ കഴിഞ്ഞിട്ടില്ല.

| | |
|---|---|
| (ജി) പ്രസ്തുത സംഘത്തിന്റെ ആസ്തി ബാദ്ധ്യതകൾ സംബന്ധിച്ച് ഒരു സ്റ്റേറ്റ്മെന്റ് പുറപ്പെടുവിക്കാമോ; പ്രസ്തുത സംഘത്തിന്റെ ചുമതല ആർക്കാണ് നൽകിയിരിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ? | (ജി) പുതുക്കോട് സംഘത്തിന്റെ ആസ്തി ബാധ്യതകൾ അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം - 1

**WORKING HANDLOOM SOCIETIES**

| |
|---|
| 1. Marlad Weavers' Co-op. P & S Society Ltd., No. F 1623, Puthucode PO, Palakkad 678687 |
| 2. Kodumbu Handloom Weavers' Co-op P & S Ltd. No. F 1312, Kodumbu PO, Palakkad |
| 3. Pallanchathanur Weav ers' Co-op. P & S Society Ltd. No Ltd. No. F 1313, Pallanchathanur PO, Palakkad |
| 4. Elapully Weavers' Co-op Production & Sales Society Ltd. No. F 1019, Elapully PO, Palakkad |
| 5. Kollengode SC Handloom Weavers' Industrial Co-op. Society Ltd. No. HL (IND) P 10, Kollengode PO, Palakkad 678506 |
| 6. Chittur Weavers' Indl. Co-op. Society Ltd. No. P H 5, Manchira, Chittur, Palakkad 678101 |
| 7. Vadakkathara & Kadambidi Handloom Weavers' Co-op Society Ltd. No. 486, Chittur, Palakkad 678101 |
| 8. Kollengode Weav ers' Co-op. P & S Society Ltd. No Ltd. No. F 1020, Kollengode PO, Palakkad 678506 |
| 9. Kizhakkethara Weavers' Co-op P & S Society Ltd. No. PH 2, Kollengode PO, Palakkad |
| 10. Devangapuram Handloom Weavers' Co-op. Society Ltd. No. 562, Chittur, Palakkad 678101 |
| 11. Neelikkad Handloom Weav ers' Co-op. Society Ltd. No. 487, Thathamangalam, Palakkad 678102 |
| 12. Palappuram Weavers' Co-op. P & S Society Ltd. No. F 1604, Palappuram PO, Ottapalam, Palakkad 679103 |
| 13. Pazhambalacode Weavers' Co-op. P & S Society Ltd., No. F 1537, Pazhambalacode, Palakkad 678544 |
| 14. Karumanamkurussi Handloom Weav ers' Co-op. P & S Society Ltd. No. H 175, Karumanamkurussi PO, Cherpulassery, Palakkad 679504 |

സെക്ഷൻ ഓഫീസർ

**അനുബന്ധം-2**

## പുതുക്കോട് സംഘത്തിന്റെ ആസ്തി ബാധ്യതകൾ

| | ബാധ്യത | തുക | | ആസ്തി | തുക |
|---|---|---|---|---|---|
| 1 | പിരിഞ്ഞുകിട്ടിയ ഓഹരിമൂലധനം | 1358277.00 | 1 | രൊക്കം ഇരുപ്പ് തുക | 183410.39 |
| 2 | ത്രിഫ്റ്റം. യാണം | 46587.98 | 2 | പൊതുമുതലിൽ നിന്നുള്ള മുടക്കുകൾ | 62205.00 |
| 3 | വായ്പകൾ | 1744889.94 | 3 | കരുതൽ ധനം | 17560.97 |
| 4 | കരുതൽ ധനവും മറ്റ് ഫണ്ടുകളും, കരുതലും (ലാഭവിഹിതം വഴി സ്വരൂപിച്ചവ) | 2487953.98 | 4 | ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് & സെക്യൂരിറ്റി | 48640.56 |
| 5 | കൊടുക്കാനുള്ളവ | 1860859.42 | 5 | മറ്റ് ആസ്തികൾ | 31442.10 |
| 6 | മറ്റ ബാധ്യതകൾ | 275572.65 | 6 | ജംഗമ വസ്തുക്കൾ | 255757.45 |
| 7 | അനാമത്ത് കടങ്ങൾ | 786917.23 | 7 | സ്ഥാവര വസ്തുക്കൾ | 32135.53 |
| | | | 8 | വിൽപന നീക്കിയിരിപ്പ് സ്റ്റോക്കുകൾ | 431348.71 |
| | | | 9 | സംഘത്തിന് വരേണ്ടവ | 1693150.86 |
| | | | 10 | അറ്റ നഷ്ടം | 5805406.63 |
| | ആകെ | **8561058.20** | | ആകെ | **8561058.20** |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**